പ്രസ്സ് റിലീസ്

## റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

## വാർത്താവിനിമയ വിഭാഗം

ആഗസ്റ്റ് 28, 2015

### RBI – യുടെ മോണിറ്ററി മ്യൂസിയത്തിൽ മൈസൂർ നാണയശേഖരങ്ങളുടെ പ്രദർശനം അനാവരണം ചെയ്യുന്നു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മോണിറ്ററി മ്യൂസിയത്തിൽ വച്ച് ആഗസ്റ്റ് 20, 2015 – ന് മൈസൂർ നാണയങ്ങളുടെ ഒരു പ്രദർശനം തുടങ്ങി. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ദീപാലി പന്ത് ജോഷിയാണ് ഈ പ്രദർശനം ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ മൈസൂർ നാണയങ്ങളുടെ വിവരങ്ങളടങ്ങുന്ന 20 പേജുള്ള ഒരു ലഘുലേഖയും വിതരണം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. യു. എസ്. പാലിവാൽ, റിസർവ് ബാങ്ക് സെൻട്രൽ ബോർഡ് ഡയറക്ടർ പ്രൊഫ. ദാമോദർ ആചാര്യ, മുംബൈ ഓഫീസ് റീജിയണൽ ഡയറക്ടർ ശ്രീ എസ്. രാമസ്വാമി എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.




തളിക്കോട്ടയുദ്ധത്തിനുശേഷം AD 1565 – ൽ തുടങ്ങി നാലു പതിറ്റാണ്ടുകളുടെ മൈസൂർ ചരിത്രമാണ് പ്രദർശനത്തിനുള്ള

112 മൈസൂർ നാണയങ്ങളിൽ ഉള്ളത്. (ഇവയിൽ 13 സ്വർണ്ണനാണയങ്ങളും 6 വെള്ളിനാണയങ്ങളും 93 ചെമ്പുനാണയങ്ങളും ഉണ്ട്.)

മൈസൂർ വോടയാർമാരുടേയും, ഹൈദർ അലി, ടിപ്പു സുൽത്താൻ എന്നിവരുടെയും കാലഘട്ടത്തിൽ പുറത്തിറക്കിയ നാണയങ്ങൾക്കാണ് പ്രദർശനത്തിൽ പ്രാധാന്യം നൽകിയിട്ടുള്ളത്. സ്വർണ്ണനാണയങ്ങൾ കൂടുതലായും മൈസൂർ ഭരണാധികാരികളുടെ പക്കൽ നിന്നുമാണ് ലഭിച്ചത്. കാന്തിരവ നരസരയി ആയിരുന്നു ആദ്യമായി സ്വർണ്ണനാണയങ്ങൾ ഇറക്കിയത്. കാന്തിരവ വരാഹൻ എന്നായിരുന്നു അതറിയപ്പെട്ടിരുന്നത്. 3.5 ഗ്രാമുള്ള വരാഹങ്ങളിലും, പകുതി തൂക്കമുള്ള 1.7 ഗ്രാമിലെ അർദ്ധവരാഹങ്ങളിലും ലക്ഷ്മി നരസിംഹത്തിന്റെ രൂപം ഒരു വശത്തും മറുവശത്ത്, മൂന്ന് വരികളിലായി നാഗരി ലിപിയിൽ അദ്ദേഹത്തിന്റെ പേരും ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ദിവാൻ പൂർണൈയ്യ പിന്നീട് ഗിദ്ദ കാന്തിരവ പണം (ഗിദ്ദ എന്ന വാക്കിനർത്ഥം കട്ടിയുള്ള എന്നാണ്) എന്ന നാണയം കൃഷ്ണ രാജ III (AD 1799–1832) – ന്റെ ഭരണകാലത്ത് വീണ്ടും പ്രചാരത്തിലിറക്കി. ഹൈദർ അലിയുടെയും ടിപ്പു സുൽത്താന്റെയും കാലഘട്ടത്തിലും ഈ പാരമ്പര്യം തുടർന്നു.

പ്രദർശനം കാണാനും ഇതുസംബന്ധമായി കൂടുതൽ കാര്യങ്ങൾ അറിയുവാനും മുംബൈ ഫോർട്ടിൽ, സർ P. M. റോഡിലുള്ള അമർ ബിൽഡിംഗ് (താഴത്തെ നില) (പിൻ. 400 001), സന്ദർശിക്കുക.

സന്ദർശന സമയം : 10.45 am – 17.15 pm (ചൊവ്വ മുതൽ ഞായർ വരെ). തിങ്കളാഴ്ചയും മറ്റുബാങ്കവധി ദിവസങ്ങളിലും പ്രവർത്തിക്കുന്നതല്ല.

പ്രസ്സ് റിലീസ് : 2015-2016/519

അൽപന കില്ലാവാല
പ്രിൻസിപ്പൽ ചീഫ് ജനറൽ മാനേജർ